പെട്രോൾ/ഡീസൽ പമ്പ് തൊഴിലാളികൾക്ക് ക്ഷേമനിധിയും തൊഴിൽ സംരക്ഷണവും

87 [3095] ശ്രീ. എ. എൻ. രാജൻ ബാബു:

,, ഉമേഷ് ചള്ളിയിൽ:

,, കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെട്രോൾ-ഡീസൽ പമ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിയും തൊഴിൽ സംരക്ഷണവും ഏർപ്പെടുത്തുന്നതു സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ;

(ബി) തൊഴിൽ നിയമങ്ങൾക്കുപരിയായി 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്ന പ്രസ്തുത തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ എന്തൊക്കെ ക്ഷേമ പദ്ധതികൾ ആരംഭിക്കുമെന്ന് വിശദമാക്കുമോ?

(സി) ഇവർക്ക് തൊഴിൽ സംരക്ഷണ നിയമം നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) നിലവിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി എന്തെല്ലാം നിയമങ്ങൾ നിലവിലുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പെട്രോൾ-ഡീസൽ പമ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മാത്രമായി ഒരു ക്ഷേമനിധി ഇപ്പോഴില്ല. എന്നാൽ ഇവർക്ക് ഇപ്പോൾ കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാവുന്നതോ ഇപ്പോൾ പരിഗണനയിലുള്ള വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതി നിലവിൽ വരുമ്പോൾ അതിൽ അംഗമാകാവുന്നതോ ആണ്. കൂടാതെ തൊഴിൽ നിയമപ്രകാരമുള്ള സംരക്ഷണം ഇപ്പോൾതന്നെ ഇവർക്ക് ലഭിക്കുന്നുണ്ട്. 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് നിയമം അനുസരിച്ച് പ്രസ്തുത ജീവനക്കാരുടെ സേവന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ട്. പുറമേ ടി ജീവനക്കാർ 1948-ലെ മിനിമം വേതന നിയമത്തിന്റെ പരിധിയിൽപ്പെടുന്നവരാണ്. മിനിമം വേതനവും ഈ ജീവനക്കാർക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) 1960-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് നിയമത്തിലെ വകുപ്പ് (7) പ്രകാരം 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ഇരട്ടിവേതനം ലഭിക്കുവാൻ അർഹതയുണ്ട്.

(സി) തൊഴിൽ നിയമപ്രകാരമുള്ള എല്ലാ സംരക്ഷണങ്ങൾക്കും ഇവർ ഇപ്പോൾതന്നെ അർഹരാണെന്നിരിക്കെ, ഇവർക്കുമാത്രമായി നിയമം നടപ്പിലാക്കേണ്ട ആവശ്യം കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൊഴിൽ വകുപ്പിന്റെ കീഴിൽ നിലവിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരുടെ ക്ഷേമത്തിനായി താഴെ പറയുന്ന നിയമങ്ങൾ നിലവിലുണ്ട്.

(1) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960.

(2) ദി മിനിമം വേജസ് ആക്ട് 1948.

(3) ദി മെറ്റേർണിറ്റി ബനിഫിറ്റ് ആക്ട് 1961.

(4) ദി പേയ്മെന്റ് ഓഫ് ബോണസ് ആക്ട് 1965 (20-നുമുകളിൽ തൊഴിലാളികൾ ഉള്ള പക്ഷം)

(5) ദി ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ ആന്റ് ഫെസ്റ്റിവൽ ഹോളീഡേയ്സ്) ആക്ട് 1958 (20-നു മുകളിൽ തൊഴിലാളികൾ ഉള്ള പക്ഷം)

(6) ദി പേയ്മെന്റ് ഓഫ് വേജസ് ആക്ട് 1936.

(7) ദി പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി ആക്ട് 1972.

(8) ദി ഇൻഡസ്ട്രീയൽ ഡിസ്പ്യൂട്ട് ആക്ട് 1947.

(9) ദി കേരള കാഷ്യൽ, ടെംപററി ആന്റ് ബദലി വർക്കേഴ്സ് (വേജസ്) 1989.

ക്ഷേമനിധി ബോർഡുകളിലെ ജീവനക്കാരുടെ നിയമനം

88 [3096] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ബോർഡുകളിൽ ഓരോ ബോർഡിലെയും ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതെല്ലാം തസ്തികകളിൽ എത്രപേർ ഓരോ സ്ഥാപനത്തിലും ദിവസ ശമ്പളത്തിൽ ജോലി ചെയ്തുവരുന്നു;

(സി) ദിവസ ശമ്പളത്തിൽ നിയമിച്ചിട്ടുള്ള എത്രപേരെ എംപ്ലോയ്മെന്റ് വഴി നിയമിച്ചു; എത്രപേരെ മറ്റ് രീതിയിൽ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധം VIII-ൽ ചേർത്തിരിക്കുന്നു.†

(ബി) ഉത്തരം അനുബന്ധം VIII(എ)-ൽ ചേർത്തിരിക്കുന്നു.†

(സി) ഉത്തരം അനുബന്ധം VIII(ബി)-ൽ ചേർത്തിരിക്കുന്നു.†

† അനുബന്ധം VIII, VIII(എ), VIII(ബി)

LIBRARY ARCHIVES Kerala Legislative Assembly